പതിനാലാം കേരള നിയമസഭ

പതിമൂന്നാം. സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3990 | 12/12/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലെ എ.സി.ആർ. ലാബ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ എ.സി.ആർ ലാബിന്റെ പ്രവർത്തനം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | എ) ബി) & സി) | കൊല്ലം വിക്ടോറിയ ആശുപത്രിയിലെ എ.സി.ആർ ലാബിൽ അന്തർദ്ദേശീയനിലവാരമുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. ഇവ പ്രവർത്തിപ്പിക്കാൻ പരിചയസമ്പന്നരായ ട്രെയിനികളെയും ടെക്നീഷ്യൻ ട്രെയിനികളെയും ആണ് ആവശ്യമുള്ളത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും BSc. MLT, DMLT എന്നീ യോഗ്യതകൾ ഉള്ളവരെയാണ് തസ്തികകളിൽ നിയമിക്കുന്നത്. അത്തരത്തിൽ ലഭ്യമായ ടെക്നീഷ്യൻമാർക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എ.സി.ആർ ലാബിൽ പരിശീലനംനൽകിക്കൊണ്ടിരിക്കുകയാണ്. സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം ലഭിച്ച സ്റ്റാഫിനെ ലഭിക്കുന്ന മുറക്ക് ലാബിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും. |
| ബി) | ഒരു കോടിയിൽ അധികം രൂപ വിലവരുന്ന രക്ത നിർണ്ണയ ഉപകരണങ്ങൾ ലാബിനകത്ത് പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | പ്രസ്തുത ലാബിന്റെ പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ